"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ പ്രമാടം കുടുംബാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയ ശ്രീമതി. അശ്വതി ആർ.ഒ-ക്ക് അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച് നിലവിലുള്ള ചട്ടത്തിൽ ഇളവ് നൽകി തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.438/2025/H&FWD തീയതി,തിരുവനന്തപുരം, 23-12-2025

---

പരാമർശം:-
1. സ.ഉ (പി) 36/1991/ഉ.ഭ.പ.വ തീയതി 02.12.1991.
2. ശ്രീമതി. അശ്വതി ആർ.ഒ. 20.02.2025 തീയതിയിലെ സമർപ്പിച്ച അന്തർജില്ലാ സ്ഥലം മാറ്റത്തിനായുള്ള അപേക്ഷ.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 10.04.2025 തീയതിയിലെ DCTVM/ 4606/2025-S6 നമ്പർ കത്ത്.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.05.2025, 04.10.2025 തീയതിയിലെ ഇ.ജി3/12398/2025/ആ.വ.ഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ പ്രമാടം കുടുംബാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.അശ്വതി ആർ.ഒ-യ്ക്ക്, ടിയാളുടെ അനുകമ്പാർഹമായ ജീവിതസാഹചര്യം പരിഗണിച്ച്, തിരുവനന്തപുരം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ, പരാമർശം (4) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. അപേക്ഷകയായ ശ്രീമതി.അശ്വതി ആർ.ഒ, 26.11.2024- ൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് അപേക്ഷിക്കുന്നതിന് ആവശ്യമായ 5 വർഷ സേവനം ടിയാൾ പത്തനംതിട്ട ജില്ലയിൽ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ, അനുകമ്പാർഹമായ ജീവിതസാഹചര്യം വിവരിച്ചുകൊണ്ട് അപേക്ഷക 29.01.2025- ൽ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ചു. 31.12.2024- ൽ ജനിച്ച തന്റെ 10 മാസം പ്രായമുള്ള കുഞ്ഞിന് ഹൃദയസംബന്ധമായ അസുഖം കണ്ടെത്തിയിട്ടുള്ളതിനാൽ വൈദ്യ സഹായം ആവശ്യമാണെന്ന് ടിയാൾ സൂചിപ്പിക്കുന്നു. ഇൻഡോ ടിബറ്റൻ ബോർഡർ പോലീസ് സേനയിൽ സേവനമനുഷ്ഠിക്കുന്ന ടിയാളുടെ ഭർത്താവ്, നിലവിൽ ഛത്തീസ്ഗഢിൽ നിയമിതനാകയാൽ കുഞ്ഞിന്റെ സംരക്ഷണം പൂർണ്ണമായും തന്നിൽ നിക്ഷിപ്തമാണെന്നും ടിയാൾ സൂചിപ്പിക്കുന്നു.

3. അപേക്ഷകയുടെ കുഞ്ഞിന് "**Cyanotic congenital heart disease double inlet left ventricle**" എന്ന രോഗാവസ്ഥയാണെന്നും വൈദ്യ പരിചരണവും പാലിയേറ്റീവ് സർജറികളും ആവശ്യമാണെന്നും വെളിപ്പെടുത്തുന്ന തിരുവനന്തപുരം ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ടിയാൾ ഹാജരാക്കിയിട്ടുണ്ട്. അപേക്ഷക, തന്റെ നിവേദനത്തിൽ സൂചിപ്പിക്കുന്ന ജീവിത സാഹചര്യങ്ങൾ വാസ്തവമാണെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരീകരിച്ചിട്ടുണ്ട്. അപേക്ഷകയുടെ ഭർതൃ മാതാവ് ഒരു കാൻസർ രോഗിയാണെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. അപേക്ഷകയുടെ കുഞ്ഞിന്റെയും ഭർതൃ മാതാവിന്റെയും ആരോഗ്യ സ്ഥിതി കണക്കിലെടുത്ത് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കണമെന്ന അപേക്ഷ, തിരുവനന്തപുരം ജില്ലാ കളക്ടറും ആരോഗ്യവകുപ്പ് ഡയറക്ടറും ശിപാർശ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി നിലവിൽ ഒഴിവുകൾ ലഭ്യമല്ലായെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നതിനായി നിലവിലുള്ള മാനദണ്ഡ പ്രകാരം വിഹിതം ചെയ്തിട്ടുള്ള ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷകയ്ക്ക് തിരുവനന്തപുരം ജില്ലയിൽ നിയമനം ലഭ്യമാക്കാൻ സാധിക്കും.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.അശ്വതി ആർ.ഒ.-യുടെ അനുകമ്പാർഹമായ ജീവിതസാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നതിൽ ടിയാൾ പരിഗണന അർഹിക്കുന്നു. ആയതിനാൽ, പത്തനംതിട്ട ജില്ലയിലെ പ്രമാടം കുടുംബാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.അശ്വതി ആർ.ഒ-ക്ക്, ടിയാളുടെ അനുകമ്പാർഹമായ ജീവിതസാഹചര്യം കണക്കിലെടുത്ത്, പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 4 (1) ലെ വ്യവസ്ഥയിൽ ഇളവ് വരുത്തി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പത്തനംതിട്ട/ തിരുവനന്തപുരം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേനെ).
മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം, പ്രമാടം, പത്തനംതിട്ട (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേനെ).
ശ്രീമതി.അശ്വതി ആർ.ഒ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, കുടുംബാരോഗ്യ കേന്ദ്രം, പ്രമാടം, പത്തനംതിട്ട (ആരോഗ്യ വകുപ്പ് ഡയറക്ടർ

മുഖേനെ).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
പൊതു ഭരണ (എസ്.സി) വകുപ്പ് (17/12/2025 തീയതിയിലെ ഇനം നമ്പർ 3396 പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ (C2/120/2025)

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 29-12-2025 12:52:29
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. ആരോഗ്യവും കുടുംബക്ഷേമവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്